പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2445      07.02. 2019 ൽ മറുപടിക്ക്

# വൈദ്യുതി കടിശ്ശികയും ചാർജ്ജ് വർദ്ധനവും

ചോദ്യം      ഉത്തരം

ശ്രീ.എം.രാജഗോപാലൻ      ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| വൻകിട കമ്പനികളിൽ നിന്നും ഭീമമായ തുകവൈദ്യുതിചാർജ്ജ് കുടിശ്ശിക നിലനിൽക്കെ വൈദ്യുതി ചാർജ്ജ് വർദ്ധനവിന്റെ അനിവാര്യത നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | ഉണ്ട്.<br>സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിന്നു വ്യത്യസ്തമായി ബിൽ ചെയ്യപ്പെടുന്ന മുഴുവൻ തുകയും വരുമാനമായി കണക്കിലെടുക്കുന്ന അക്കൗണ്ടിംഗ് സമ്പ്രദായമാണ് (Accrual Accounting System) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അനുവർത്തിച്ചു വരുന്നത്. അതിനാൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുകയൊന്നുംതന്നെ റവന്യൂ കമ്മിയിൽ പ്രതിഫലിക്കില്ല. പക്ഷേ മുൻവർഷങ്ങളിൽ ഉണ്ടായിരുന്ന കമ്മിയുടെ ഒരു ഭാഗം മാത്രമേ അന്ന് താരിഫ് പരിഷ്കരണത്തിലൂടെ അനുവദിച്ചിരുന്നുള്ളൂ. അമിതമായ തോതിൽ താരിഫ് വർദ്ധനവ് ഉണ്ടാകാതിരിക്കാൻ, ബാക്കി തുക പിൽക്കാലത്തേയ്ക്ക് മാറ്റി വയ്ക്കപ്പെട്ടു. ആ തുക (Regulatory Asset) 2018 മാർച്ച് ആയപ്പോഴേയ്ക്കും 5645 കോടി ആയി ഉയർന്നു. അത് വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യത അമിതമായി വർദ്ധിക്കുവാൻ ഇടയാക്കി. 2016-ലെ ദേശീയ വൈദ്യുതി നയത്തിൽ പഴയ റവന്യൂകമ്മി, ഏഴു വർഷം കൊണ്ട് താരിഫ് പരിഷ്കരണത്തിലൂടെ നികത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.<br>കൂടാതെ, വരുംവർഷങ്ങളിൽ, (2018-22) വരവും ചെലവും തമ്മിലുള്ള അന്തരം യഥാക്രമം 1100.70 കോടി, 1399.05 കോടി, 2065.28 കോടി, 2518.92 കോടി എന്നിങ്ങനെ വർദ്ധിച്ചു വരുന്നതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് പഴയ കമ്മിയുടെ ഏഴിലൊന്നും, പ്രതീക്ഷിത കമ്മിയും നികത്താനായിട്ടാണ് താരിഫ് പരിഷ്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ